# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 30

# വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദ ഏകജാലകം; ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനത്തിന് ഓഗസ്റ്റ് ഒന്നുവരെ രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഫൈനൽ അലോട്ട്മെന്റിനുശേഷം ഏകജാലകം വഴി ബിരുദ പ്രവേശനത്തിന് ഓഗസ്റ്റ് ഒന്നുവരെ പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ പ്രവേശനമെടുക്കാത്തവർക്ക് അപേക്ഷിക്കാം.

ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും ഫീസടയ്ക്കാതെ നിലവിലെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിലൂടെ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കണം. ലോഗിൻ ചെയ്തശേഷം അപേക്ഷകന് നേരത്തെ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം, പുതുതായി ഓപ്ഷനുകൾ നൽകാം. മേൽവിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസടച്ച് സ്പെഷൽ അലോട്ട്മെന്റിൽ പങ്കെടുക്കാം.

സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി ഓപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ഓഗസ്റ്റ് രണ്ടിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. കോളേജുകളിലെ വിവിധ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തും. ഓഗസ്റ്റ് രണ്ടു മുതൽ അഞ്ചുവരെയാണ് പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ പ്രവേശനസാധ്യത അറിയുന്നതിനായി ഓഗസ്റ്റ് രണ്ടിനുതന്നെ കോളേജുകളുമായി ബന്ധപ്പെടണം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടാലും സീറ്റൊഴിവുണ്ടെങ്കിൽ മാത്രമേ പ്രവേശനം സാധ്യമാകൂ. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ഏതെങ്കിലും പ്രോഗ്രാമിൽ പ്രവേശനമെടുത്തവർ രജിസ്റ്റർ ചെയ്യാൻ പാടില്ല. അപ്രകാരം രജിസ്റ്റർ ചെയ്താൽ അവരുടെ നിലവിലെ പ്രവേശനം റദ്ദാക്കും. റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കും.

ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ഓഗസ്റ്റ് അഞ്ചിന് പൂർത്തിയാക്കും. അതിനുശേഷം പ്രവേശനം അനുവദിക്കില്ല. റാങ്ക് ലിസ്റ്റിൽ നിന്ന് പ്രവേശനം നേടുമ്പോൾ സർവകലാശാലയും സർക്കാരും നിഷ്കർഷിച്ചിരിക്കുന്ന ഫീസ് മാത്രം നൽകിയാൽ മതി. അധിക ഫീസ് ഈടാക്കുന്നപക്ഷം പരാതി രേഖാമൂലം സർവകലാശാലയിൽ സമർപ്പിക്കണം.

(പി.ആർ.ഒ./39/1450/2019)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എഞ്ചിനീയറിംഗ് (2017-19 ബാച്ച്) പരീക്ഷകൾ ഓഗസ്റ്റ് 20ന് ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് അഞ്ചുവരെയും 500 രൂപ പിഴയോടെ ആറുവരെയും 1000 രൂപ സൂപ്പർഫൈനോടെ എട്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1451/2019)

## ബി.എഡ്. ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനത്തിന് അനുമതി

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിൽ ബി.എഡ്. പ്രോഗ്രാമിന് ഈ അധ്യയന വർഷം ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷനിലൂടെ ഓഗസ്റ്റ് 13 വരെ അപേക്ഷ സ്വീകരിക്കാൻ വൈസ് ചാൻസലർ അനുമതി നൽകി. മെരിറ്റ്/സംവരണ ചട്ടങ്ങൾ പാലിച്ച് ഓഗസ്റ്റ് 16നകം അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കാനും നിർദ്ദേശം നൽകി.

(പി.ആർ.ഒ./39/1452/2019)

## എം.എഡ്. പ്രവേശന നടപടികൾ 16ന് പൂർത്തീകരിക്കണം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിൽ ദ്വിവത്സര എം.എഡ്. പ്രോഗ്രാമിലേക്കുള്ള പ്രവേശന നടപടികൾ ഓഗസ്റ്റ് 16ന് അവസാനിക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ./39/1453/2019)

## പരീക്ഷഫലം

2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബി.എസ്‌സി. നഴ്സിംഗ് (മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1454/2019)

## അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ;
## വോക്-ഇൻ-ഇന്റർവ്യൂ ഓഗസ്റ്റ് രണ്ടിന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ തസ്തികയിലേക്ക് 179 ദിവസത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഓഗസ്റ്റ് രണ്ടിന് ഉച്ചകഴിഞ്ഞ് 1.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. ഒരൊഴിവാണുള്ളത്. യോഗ്യത: എം.എസ്‌സി. കെമിസ്ട്രി/ഫിസിക്സ്/ഇലക്ട്രോണിക്സ് അല്ലെങ്കിൽ ബി.ടെക്/എം.ടെക് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ് ലഭിക്കും) മാസം 20000 രൂപയാണ് പ്രതിഫലം. താല്പര്യമുള്ളവർ വെള്ള പേപ്പറിൽ എഴുതി തയാറാക്കിയ അപേക്ഷയും പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധികയോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളും പകർപ്പും സഹിതം ഓഗസ്റ്റ് രണ്ടിന് രാവിലെ 11ന് സർവകലാശാല ഭരണവിഭാഗതത്തിലെ എഡി.എ5 സെക്ഷനിൽ എത്തണം.

(പി.ആർ.ഒ./39/1455/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ